I. ഇ.ബി. XV-കേരള നിയമസഭ/XIV-11

**പതിനഞ്ചാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 ഒക്ടോബർ 9, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ശബരിമലയിലെ ദ്വാരപാലക ശില്പത്തിലെ സ്വർണപ്പാളി വിവാദവുമായി ബന്ധപ്പെട്ട് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

I **ശ്രദ്ധക്ഷണിക്കൽ**

വേമ്പനാട് കായലിൽ ഹൗസ് ബോട്ടുകൾ ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

ശ്രീ. തോമസ് കെ. തോമസ്: വേമ്പനാട് കായലിനെ ടൂറിസം ഹബ്ബാക്കി മാറ്റുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്ന ഹൗസ് ബോട്ടുകളിലെ മാലിന്യ സംസ്കരണം കൃത്യമായി നിർവഹിക്കുന്നതിനാവശ്യമായ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കണം. രജിസ്ട്രേഷനില്ലാതെ ഹൗസ് ബോട്ട് സർവീസ് നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ആലപ്പുഴയിൽനിന്നും കൊച്ചിയിലേക്ക് 50 മീറ്റർ വിസ്തൃതിയിൽ ഒരു കപ്പൽ ചാനൽ നിർമ്മിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങളൊരുക്കി പ്ലാസ്റ്റിക് മാലിന്യം, പോള എന്നിവ നീക്കം ചെയ്ത് വേമ്പനാട് കായലിനെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): വേമ്പനാട്

കായലിൽ ശേഷിയേക്കാൾ അധികം ഹൗസ് ബോട്ടുകൾ സഞ്ചരിക്കുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ പുതിയ ബോട്ടുകൾക്കുള്ള രജിസ്ട്രേഷൻ പരിമിതപ്പെടുത്തുന്നതാണ്. ഹൗസ് ബോട്ടുകളിൽനിന്നുള്ള മാലിന്യം നിർമ്മാർജനം ചെയ്യുന്നതിനായി പുതിയ സ്വീവേജ് ട്രീറ്റ്മെന്റ് പാന്റുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. ബോട്ടുകളിൽ പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനും കുടിവെള്ളം, ഭക്ഷണം എന്നിവ ക്രമീകരിക്കാനും പ്ലാസ്റ്റിക് ഒഴിവാക്കാനും നിർദേശം നൽകുകയും പ്രകൃതി സൗഹൃദ പെരുമാറ്റച്ചട്ടം തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. ഹൗസ്ബോട്ടുകളിലെ കളക്ഷൻ ബാസ്കറ്റുകളിൽ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്തുകൾക്ക് കൈമാറുന്നതിനും എല്ലാ ഹൗസ് ബോട്ടുകളിലും ബയോ ടാങ്കുകൾ സ്ഥാപിക്കുന്നതിനും നിർദേശം നൽകിയിട്ടുണ്ട്. നിലവിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റുള്ള ഹൗസ് ബോട്ടുകൾക്ക് മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നുള്ളൂ. കായൽ ടൂറിസം ആകർഷകമാക്കുന്നതിനുവേണ്ട നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(നോട്ടീസ് നൽകിയ അംഗം ശ്രീ. സജീവ് ജോസഫ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.07-ന് സഭ നിർത്തിവയ്ക്കുകയും 10.32-ന് പുനരാരംഭിക്കുകയും ചെയ്തു.)

മി. സ്പീക്കർ: ഇന്നത്തെ പ്രതിപക്ഷ ബഹളത്തിൽ ചീഫ് മാർഷലിന് പരിക്കേറ്റിട്ടുണ്ട്. അദ്ദേഹം മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ശബരിമലയിലെ ദ്വാരപാലക ശില്പത്തിലെ സ്വർണ്ണ പാളികൾ കോടീശ്വരന്മാർക്ക് വിൽക്കാൻ കൂട്ടുനിന്നവർക്കെതിരെ നടപടിയെടുത്തില്ലെങ്കിൽ സഭയ്ക്കകത്തും പുറത്തും അതിശക്തമായ സമരവുമായി മുന്നോട്ടുപോകുന്നതാണ്. സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സഭാനടപടികൾ പൂർണ്ണമായും ബഹിഷ്കരിക്കുകയാണ്.

(പ്രതിപക്ഷം ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

## II സബ്മിഷൻ

(1) ചങ്ങനാശ്ശേരിയിൽ അഡീഷണൽ ജുഡീഷ്യൽ ഒന്നാം ക്ലാസ് കോടതി

ശ്രീ. ജോബ് മൈക്കിൾ: ചങ്ങനാശ്ശേരിയിൽ അഡീഷണൽ ജുഡീഷ്യൽ ഒന്നാം ക്ലാസ്

മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): കോടതി സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(2) കല്ലൂരിക്കടവ് പാലം നിർമ്മാണം

ശ്രീ. കെ. വി. സുമേഷ്: അഴീക്കോട് നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച കല്ലൂരിക്കടവ് പാലം നിർമ്മാണം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(3) പാനൂർ താലൂക്ക് ആശുപത്രിക്കാവശ്യമായ ഭൂമിയേറ്റെടുക്കൽ

ശ്രീ. കെ. പി. മോഹനൻ: കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാനൂർ താലൂക്ക് ആശുപത്രിക്കുവേണ്ടി ഭൂമിയേറ്റെടുക്കാനുള്ള നടപടി ഊർജ്ജിതമാക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഭൂമിയേറ്റെടുക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 10.86 കോടി രൂപയ്ക്ക് റിക്വിസിഷൻ കൊടുത്തിട്ടുണ്ട്. തുക ലഭ്യമായാലുടൻ ഭൂമിയേറ്റെടുക്കുന്നതാണ്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(4) വനം വകുപ്പിന്റെ ഭൂമി സർക്കാർ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: വനം വകുപ്പിന്റെ അധീനതയിൽ എരുമേലി പഞ്ചായത്തിലുള്ള 5 ഏക്കർ റവന്യൂ പുറമ്പോക്ക് ഭൂമി ഏറ്റെടുത്ത് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ ഓഫീസുകൾക്കടക്കം പൊതുആവശ്യങ്ങൾക്ക് ഉപയുക്തമാക്കാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ ജില്ലാ കളക്ടറോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടൻ വനം വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള ബന്ധപ്പെട്ടവരുമായി യോഗം ചേർന്ന് പ്രശ്നപരിഹാരം കാണാവുന്നതാണ്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(5) സിവിൽ കരാറുകാർ വയറിങ് ജോലി ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. കെ. പ്രേംകുമാർ: സിവിൽ കരാറുകാർ അനധികൃതമായി വയറിങ് ജോലി ചെയ്യുന്നത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(6) ഭവന വായ്പ അടച്ചുതീർത്തവരുടെ രേഖകൾ തിരിച്ചുനൽകാൻ നടപടി

ശ്രീ. എം. നൗഷാദ്: കൊല്ലം വികസന അതോറിറ്റിയെ കൊല്ലം കോർപ്പറേഷനിൽ ലയിപ്പിച്ച സാഹചര്യത്തിൽ വികസന അതോറിറ്റിയിൽനിന്നും എടുത്ത ഭവനവായ്പ അടച്ചുതീർത്തവരുടെ രേഖകൾ തിരിച്ചുനൽകാൻ കോർപ്പറേഷന് നിർദേശം നൽകണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(7) കേന്ദ്ര കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി

ശ്രീ. എ. പ്രഭാകരൻ: കേന്ദ്ര കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഒറ്റത്തവണ പ്രീമിയം അടച്ചുകൊണ്ട് രണ്ടാംവിള നെൽകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): ഒറ്റത്തവണ പ്രീമിയം അടച്ചുകൊണ്ട് രണ്ടാംവിള നെൽകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിനും അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനിക്കും കത്ത് നൽകിയിട്ടുണ്ട്. ഇക്കാര്യം ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം വിളിക്കാനും യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾ പരിഷ്കരിച്ച് പദ്ധതികൾ കൂടുതൽ കർഷകസൗഹൃദമാക്കാനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(8) മൂല്യവർധിത ഉൽപന്നങ്ങൾ

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: കുറ്റ്യാടി തേങ്ങയെ പരിരക്ഷിക്കുന്നതിന് സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കാനും അത്തൂർ ഒളോർ മാങ്ങയ്ക്കും കുറ്റ്യാടി തേങ്ങയ്ക്കും ഭൗമസൂചിക പദവി ലഭ്യമാക്കാനുള്ള നടപടി ത്വരിതപ്പെടുത്താനും മൂല്യവർധിത ഉൽപന്നങ്ങളുണ്ടാക്കി കേരള ഗ്രോ ബ്രാൻഡായി വില്പന നടത്താനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കുറ്റ്യാടി തേങ്ങയ്ക്കും അത്തൂർ ഒളോർ മാങ്ങയ്ക്കും ഭൗമസൂചിക പദവി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം മൂല്യവർധിത ഉൽപന്നങ്ങളാക്കുന്നതിനും കേരള ഗ്രോ ബ്രാൻഡ് നൽകുന്നതിനും നടപടി

സ്വീകരിക്കുന്നതാണ്. മൂല്യവർധിത ഉൽപന്നങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിന് APEDA-യുമായി യോഗം ചേരുന്നതാണ്.

(9) ഓട്ടിസം ബാധിച്ചവർക്ക് സംരക്ഷണ കേന്ദ്രങ്ങൾ

ശ്രീ. വി. കെ. പ്രശാന്ത്: ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡർ ബാധിച്ച കുട്ടികളെ പരിപാലിക്കുന്നതിന് തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരങ്ങളിൽ ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്ന ഭിന്നശേഷി വിഭാഗത്തിലുള്ളവരുടെ പരിചരണത്തിനായി നടപ്പുവർഷം മൂന്ന് ജില്ലകളിൽ താൽക്കാലിക സംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള പ്രൊപ്പോസൽ തയ്യാറാക്കുകയും മൂന്നിടത്ത് ഇന്റഗ്രേറ്റഡ് അസിസ്റ്റീവ് വില്ലേജുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(10) ചുമട്ട് തൊഴിലാളികളുടെ ജോലി സംരക്ഷണം

ശ്രീ. ടി. പി. രാമകൃഷ്ണൻ: ചുമട്ട് തൊഴിലാളികളുടെ ജോലി സംരക്ഷിക്കാനാവശ്യമായ നിയമനിർമ്മാണം നടത്തണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ ചുമട്ട് തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കാനാവശ്യമായ നിയമഭേദഗതി വരുത്തുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിക്കുന്നതാണ്.

(11) കുന്ദംകുളം മുനിസിപ്പാലിറ്റി റോഡ്, ജങ്ഷൻ, റിങ് റോഡ് എന്നിവയുടെ വികസനം

ശ്രീ. എ. സി. മൊയ്തീൻ: കുന്ദംകുളം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടത്തുന്ന കുന്ദംകുളം മുനിസിപ്പാലിറ്റി റോഡ്, ജങ്ഷൻ, റിങ് റോഡ് എന്നീ വികസന പദ്ധതികളുടെ പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഭാഗമായി 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും നടപടിക്രമങ്ങൾ പൂർത്തിയായാലുടൻ തുടർ നടപടി സ്വീകരിക്കുന്നതുമാണ്. റിങ് റോഡ് പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(12) <u>മൂന്നാറിലെ റോഡുകളുടെ വീതികൂട്ടൽ</u>

<u>ശ്രീ. എ. രാജ</u>: മൂന്നാർ-വട്ടവട, മൂന്നാർ-മറയൂർ-ചിന്നാർ റോഡുകളുടെ വീതികൂട്ടി ഗതാഗതപ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): മൂന്നാർ-വട്ടവട, മൂന്നാർ-മറയൂർ-ചിന്നാർ റോഡുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് പ്രാഥമിക ഡി.പി.ആർ. തയ്യാറാക്കുന്നതിന് റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതാണ്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(13) <u>തങ്കളം-കാക്കനാട് നാലുവരി പാത</u>

<u>ശ്രീ. ആന്റണി ജോൺ</u>: തങ്കളം-കാക്കനാട് നാലുവരി പാതയുടെ നിർമ്മാണം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): തങ്കളം-കാക്കനാട് റോഡിന്റെ പുതിയ ഡ്രാഫ്റ്റ് അലൈൻമെന്റ് അനുസരിച്ചുള്ള ഫീസിബിലിറ്റി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. തുടർനിർദേശം ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

## III മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## IV റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ പത്ത് മുതൽ പതിനാല് വരെയുള്ള റിപ്പോർട്ടുകൾ

(2) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്

(3) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനഞ്ച്, പതിനാറ് റിപ്പോർട്ടുകൾ

## V നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളന കാലയളവിൽ

ഡോ. എം. കെ. മുനീറിന് സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കുവാൻ അനുവാദം ചോദിച്ചുകൊണ്ടുള്ള അപേക്ഷ ബഹുമാനപ്പെട്ട സ്പീക്കർ വായിക്കുകയും സഭ അനുവാദം നൽകുകയും ചെയ്തു.

## VI കാര്യോപദേശക സമിതി റിപ്പോർട്ടിൽ ഭേദഗതി

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2025 സെപ്റ്റംബർ 30-ന് സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ 18-ാമത് റിപ്പോർട്ടിലെ ശിപാർശകൾ ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട് 2025 ഒക്ടോബർ 10-ന് സഭ പരിഗണിക്കാൻ നിശ്ചയിച്ചിരുന്ന "സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ, 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ, 2025-ലെ മലയാളഭാഷാ ബിൽ, The University Laws (Amendment) (No.3) Bill, 2025, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ, 2025-ലെ കേരള പൊതു സേവനാവകാശ ബിൽ എന്നിവ ഇന്ന് പരിഗണനയ്ക്കെടുക്കുവാൻ ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

## VII നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തര ഘട്ടങ്ങളും:

(i) 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ്

രേഖപ്പെടുത്തിയില്ല)

ശ്രീ. യു. ആർ. പ്രദീപ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തീർഥാടകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വിവിധ ദേവസ്വം ബോർഡുകളുടെ വികസന പ്രവർത്തനങ്ങൾക്കായി 638 കോടിയോളം രൂപ ചെലവഴിക്കുകയും ചെയ്തുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഗുരുവായൂർ ദേവസ്വം മാനേജിങ് കമ്മിറ്റി ചെയർമാനും അംഗങ്ങൾക്കും സിറ്റിങ് ഫീസും ഓണറേറിയവും നൽകാനുള്ള വ്യവസ്ഥ സ്വാഗതാർഹമാണ്. കമ്മിറ്റിയുടെ രണ്ട് സമ്മേളനങ്ങൾക്കിടയിലെ ഇടവേളയിലുണ്ടാകുന്ന യാദൃച്ഛിക ചെലവുകൾ നേരിടുന്നതിന് അഡ്മിനിസ്ട്രേറ്റർക്ക് ചെലവഴിക്കാവുന്ന തുകയുടെ പരിധി അഞ്ച് ലക്ഷം രൂപയായി വർധിപ്പിക്കണം. ഗുരുവായൂർ ക്ഷേത്രത്തിലേക്ക് സ്പോൺസർ ചെയ്ത വസ്തുക്കളുടെ അളവും തൂക്കവും അസെറ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് സ്പോൺസർമാർക്ക് അറിയാനുള്ള സംവിധാനം ഏർപ്പെടുത്തണം. അഴിമതി തടയുന്നതിനായി ഐ.പി.എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ പോലീസ് വിജിലൻസ് വിങ് സ്ഥാപിക്കണം.

ശ്രീ. എം. വിജിൻ ചുമതലപ്പെടുത്തിയതനുസരിച്ച് (ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഗുരുവായൂർ ദേവസ്വം മാനേജിങ് കമ്മിറ്റി ചെയർമാനും അംഗങ്ങൾക്കും സിറ്റിങ് ഫീസും ഓണറേറിയവും അനുവദിക്കുന്നതിനുള്ള ഭേദഗതി നിർദേശം സ്വാഗതാർഹമാണ്. അഡ്മിനിസ്ട്രേറ്റർക്ക് കമ്മിറ്റിയുടെ രണ്ട് സമ്മേളനങ്ങൾക്കിടയിലെ ഇടവേളയിലുണ്ടാകുന്ന യാദൃച്ഛിക ചെലവുകൾ നിർവഹിക്കുന്നതിന് അഞ്ചുലക്ഷം രൂപയിൽ അധികരിക്കാത്ത തുക ചെലവഴിക്കുന്നതിന് അധികാരപ്പെടുത്തുന്ന ഭേദഗതി നിർദേശം കൊണ്ടുവരണം. ഭരണപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരം ചെയർമാനുകൂടി നൽകാവുന്നതും തീരുമാനങ്ങൾ കമ്മിറ്റി ചേരുന്ന അവസരത്തിൽ റാറ്റിഫൈ ചെയ്താൽ മതിയാകുമെന്നുമുള്ള വ്യവസ്ഥ ഉൾപ്പെടുത്താവുന്നതുമാണ്. ദേവസ്വം നിയമനങ്ങൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ നിക്ഷിപ്തമാക്കിയതിനെത്തുടർന്ന് അനിശ്ചിതത്വത്തിലായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി

സ്വീകരിക്കണം.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): ഗുരുവായൂർ ഒഴികെയുള്ള ദേവസ്വം ബോർഡുകളിലെ കമ്മിറ്റി ചെയർമാനും അംഗങ്ങൾക്കും സീറ്റിങ് ഫീസിനും ഓണറേറിയത്തിനും അർഹതയുണ്ടായിരിക്കുന്നതാണെന്ന് അതത് നിയമങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിലും നിലവിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾക്ക് ബോർഡ് ചെയർമാന്റെയും അംഗങ്ങളുടെയും ശ്രദ്ധ അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിനാലുമാണ് 1978-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചത്. അഡ്മിനിസ്ട്രേറ്റർക്ക് അൻപതിനായിരം രൂപയിൽ കവിയാത്ത തുക ചെലവ് ചെയ്യുന്നതിന് അധികാരപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതി നിർദേശം ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കമ്മിഷണറുടെ അനുവാദമില്ലാതെ കമ്മിറ്റികൾക്ക് ചെലവഴിക്കാനുള്ള തുകയുടെ പരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച് ഭാവിയിൽ പരിശോധിക്കാവുന്നതാണ്. ഗുരുവായൂരിൽ ഒരു താന്ത്രിക പഠന കേന്ദ്രം ആരംഭിക്കുകയും നവീകരിച്ച പാഞ്ചജന്യം റെസ്റ്റ് ഹൗസ് അനെക്സിന്റെ ഉദ്ഘാടനം നടത്തുകയും ഷോപ്പിങ് കോംപ്ലക്സ്, ജീവനക്കാർക്കുള്ള ഫ്ലാറ്റ് സമുച്ചയം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയുമാണ്. ഭക്തജന സൗകര്യാർഥം കൗസ്തുഭം റസ്റ്റ് ഹൗസ് പ്രത്യേകമായി സജ്ജീകരിക്കുകയും പുന്നത്തൂർകോട്ടയിൽ വേസ്റ്റ് മാനേജ്മെന്റ് പ്ലാന്റിന്റെയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഗുരുവായൂരിലെ ജനത്തിരക്ക് നിയന്ത്രണവിധേയമാക്കുന്നതിനായി പ്രത്യേക മാസ്റ്റർപ്ലാൻ തയ്യാറാക്കി വരികയാണ്. വർഷങ്ങളായി ജോലി ചെയ്തുവരുന്ന താൽക്കാലിക ജീവനക്കാർക്ക് മുൻഗണന നൽകിക്കൊണ്ട് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

പ്രധാന ആക്റ്റിന് പകരം ചേർക്കാനുദ്ദേശിക്കുന്ന 9-ാം വകുപ്പിന്റെ ക്ലിപ്ത

നിബന്ധനയിൽ "Section 4(1)(d)" എന്ന വാക്കിനും അക്കങ്ങൾക്കും ബ്രാക്കറ്റുകൾക്കും അക്ഷരത്തിനും പകരം "clause (d) of sub-section (1) of section 4" എന്ന വാക്കുകളും അക്കങ്ങളും ചിഹ്നവും ബ്രാക്കറ്റുകളും അക്ഷരവും ചേർക്കേണ്ടതാണ്.

151, 154, 170, 178, 217, 241, 244 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

247, 251, 257 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

260, 263, 270, 273 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

(2)-ാം ഉപഖണ്ഡത്തിൽ "Section 2 shall deemed to come into" എന്ന വാക്കുകൾക്കും അക്കത്തിനും പകരം "section 2 shall be deemed to have come into" എന്ന വാക്കുകളും അക്കവും ചേർക്കേണ്ടതാണ്.

130, 138 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ

ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ഏക കിടപ്പാടം പണയപ്പെടുത്തി വായ്പയെടുക്കുകയും തിരിച്ചടവ് മുടങ്ങിയതുമൂലം കുടിയിറക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കടമെടുക്കുന്നയാൾക്കോ കുടുംബത്തിനോ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് 5 സെന്റിലും ഗ്രാമപഞ്ചായത്തിൽ 10 സെന്റിലും കൂടുതൽ ഭൂമിയുണ്ടാകാൻ പാടില്ലെന്നും കുടുംബത്തിന്റെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയായിരിക്കണമെന്നും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ ജില്ലാതല/സംസ്ഥാനതല കിടപ്പാടം സംരക്ഷണ സമിതികൾ പരിശോധിച്ച് തിരിച്ചടവ് ബാധ്യത പൂർണ്ണമായോ ഭാഗികമായോ സർക്കാർ ഏറ്റെടുത്ത് ബാധ്യത ഒഴിപ്പിച്ച് കിടപ്പാടം വീണ്ടെടുക്കുന്നതിന് തീരുമാനമെടുക്കുകയാണ് ചെയ്യുന്നത്. ഒരു കുടുംബത്തിന് ഒരു തവണ മാത്രമാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. സഹകരണ ബാങ്കുകളെ സർഫാസി നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കണമെന്നും വായ്പാ പരിധി പത്ത് ലക്ഷം രൂപയായി ഉയർത്തണമെന്നും അഡ്ഹോക്ക് കമ്മിറ്റി റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ

ആവശ്യപ്പെട്ടെങ്കിലും കേന്ദ്ര സർക്കാരിൽനിന്നും അനുകൂല തീരുമാനം ഉണ്ടാകാത്ത പശ്ചാത്തലത്തിലാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. വി. കെ. പ്രശാന്ത് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. സി. എച്ച്. കുഞ്ഞമ്പു): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ധനകാര്യ സ്ഥാപനങ്ങളിൽനിന്നും 5 ലക്ഷം രൂപവരെ വായ്പയെടുത്തതും 10 ലക്ഷം രൂപവരെ തിരിച്ചടവ് തുക കുടിശ്ശികയായി ജപ്തി നടപടി നേരിടുന്നതുമായ പാവപ്പെട്ടവരെ സംരക്ഷിക്കുക എന്നതാണ് ഈ ബില്ലിലൂടെ വിഭാവനം ചെയ്യുന്നത്. ലൈഫ് ഭവന പദ്ധതി പ്രകാരം അഞ്ച് ലക്ഷം വീടുകൾ അനുവദിക്കുകയും നിരവധി പട്ടയങ്ങൾ വിതരണം ചെയ്യുകയും സാമൂഹ്യക്ഷേമ പെൻഷൻ തുക വർധിപ്പിക്കുകയും ചെയ്തതിലൂടെ സർക്കാർ മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരുടെ വായ്പ എഴുതിത്തള്ളാത്ത കേന്ദ്ര നടപടി അപലപനീയമാണ്. 2025 നവംബർ 1-ന് അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറാൻ പോകുന്നത് അഭിമാനാർഹമാണ്. പാവപ്പെട്ടവർ തെരുവിലേക്ക് കുടിയിറക്കപ്പെടാതിരിക്കാനുള്ള സുപ്രധാനമായ ബില്ലാണ് അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീമതി സി. കെ. ആശ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ചികിത്സ, വിദ്യാഭ്യാസം, വിവാഹം, ഭവനനിർമ്മാണം തുടങ്ങിയ ആവശ്യങ്ങൾക്കായി ഏക കിടപ്പാടം പണയപ്പെടുത്തി എടുത്ത വായ്പ തന്റേതല്ലാത്ത കാരണത്താൽ തിരിച്ചടവ് മുടങ്ങിയതുമൂലം കുടിയിറക്കപ്പെടുന്ന ഗുരുതര പ്രതിസന്ധിക്കാണ് ഈ ബില്ലിലൂടെ പരിഹാരമുണ്ടാകുന്നത്. എല്ലാവർക്കും ഭൂമിയും പാർപ്പിടവും ഉറപ്പുവരുത്തുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളും മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും വായ്പകൾക്ക് അമിത പലിശ ഈടാക്കുന്നത് നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥകൂടി ബില്ലിലുൾപ്പെടുത്തണം. കടമെടുത്തയാൾക്കോ കുടുംബത്തിനോ സ്വന്തം പേരിലോ കൂട്ടായ പേരിലോ ഉള്ള ആകെ ഭൂമിയുടെ വിസ്തീർണ്ണം മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പത്ത് സെന്റിലും കൂടാൻ പാടുള്ളതല്ലെന്ന് ബില്ലിൽ

നിഷ്കർഷിച്ചിട്ടുള്ളത് സാധാരണക്കാർക്ക് വായ്പ നിഷേധിക്കപ്പെടുന്നതിനിടയാക്കരുത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഭരണഘടനാനുസൃതമായാണ് 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ധനകാര്യ സ്ഥാപനങ്ങളുടെ നിർവചനത്തിൽ ബാങ്കുകൾ, ബാങ്കിങ് ഇതര ധനകാര്യ കമ്പനികൾ, സഹകരണ സംഘങ്ങൾ എന്നിവ കൂടാതെ സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന കെ.എഫ്.സി., കെ.എസ്.എഫ്.ഇ. തുടങ്ങിയ സ്ഥാപനങ്ങളും ഉൾപ്പെടുന്നതാണ്. ആനുകൂല്യം ലഭിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ജില്ല/സംസ്ഥാനതല കിടപ്പാടം സംരക്ഷണ സമിതികൾ പരിശോധിച്ച് അർഹരായവരുടെ തിരിച്ചടവ് ബാധ്യത പൂർണ്ണമായോ ഭാഗികമായോ സർക്കാർ ഏറ്റെടുക്കുകയോ അല്ലെങ്കിൽ സർക്കാരിന്റെ പുനരധിവാസ/ഭവന പദ്ധതികളിലുൾപ്പെടുത്തി മറ്റൊരു കിടപ്പാടം ലഭ്യമാക്കുകയോ ചെയ്യുന്നതാണ്. ബോധപൂർവം വായ്പാ തിരിച്ചടവിൽ വീഴ്ച വരുത്തുന്നവർക്ക് നിയമ പരിരക്ഷ ലഭിക്കില്ലെങ്കിലും ജാമ്യക്കാർക്ക് ആശ്വാസമേകുന്ന വകുപ്പുകൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി ബാങ്കുകൾ കൂടുതൽ വായ്പ അനുവദിക്കുന്ന സാഹചര്യമുണ്ടാകും. തീവ്ര ദുരന്തത്തിൽപെടുന്നവരുടെ വായ്പ എഴുതിത്തള്ളാൻ ദേശീയ ദുരന്ത നിവാരണ നിയമത്തിലുണ്ടായിരുന്ന വ്യവസ്ഥ കേന്ദ്ര സർക്കാർ ഇല്ലാതാക്കിയതിനാലാണ് അധിക സാമ്പത്തിക ബാധ്യത ഏറ്റെടുക്കുന്ന ഒരു നിയമം കൊണ്ടുവരാൻ സംസ്ഥാന സർക്കാർ തയ്യാറായത്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

191, 193, 195, 197, 204, 207, 209, 211, 213, 218, 221, 227, 228, 230, 234, 232, 237, 244, 246, 257, 259, 261, 267, 271, 274, 286, 288, 289 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

292, 300, 302 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

306, 332, 336 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

344, 355, 357, 364, 373, 377, 382, 386, 398, 403, 404, 405, 412, 416, 417, 419, 436, 439 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

444, 450 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

452, 458, 461, 466, 473, 475 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

461. ഖണ്ഡം 7(1)(vi)-ൽ "നിന്നുള്ള" എന്നതിന് പകരം "നിന്നും" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

488, 493 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

494, 506, 530, 532, 537, 538, 542, 544, 545, 546, 557, 558, 559, 560, 561 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു:

"9-ാം ഖണ്ഡം 2-ാം ഉപഖണ്ഡത്തിന്റെ (i)-ാം ഇനത്തിൽ "വസ്തുവിന്റെയും കടമെടുത്തയാളിന്റെയും കുടുംബത്തിന്റെയും പേരിൽ മറ്റു വസ്തുവകകൾ ഉണ്ടെങ്കിൽ അവയുടെയും," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "വസ്തുവിന്റെ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

മന്ത്രിയുടെ വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

562, 568 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

569-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

### പന്ത്രണ്ടാം വകുപ്പ്

570-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

### പതിമൂന്നാം വകുപ്പ്

572-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

### പതിനാലാം വകുപ്പ്

577, 578, 590 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

### പതിനഞ്ചാം വകുപ്പ്

593, 597, 602, 603, 606, 609, 610 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു:

597. ഖണ്ഡം 15(1)-ലെ "ലഭിച്ചാലുടൻ, പരമാവധി അത്" എന്നത് ഒഴിവാക്കുക.

609. ഖണ്ഡം 15(3)(i)-ൽ "തിരിച്ചടവ്" എന്നതിന് ശേഷം "തുക" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാറാം വകുപ്പ്</u>

616, 617, 622, 623, 624, 625 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനേഴാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനെട്ടാം വകുപ്പ്</u>

633-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്തൊൻപതാം വകുപ്പ്</u>

634-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപതാം വകുപ്പ്</u>

635, 636 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

636. ഖണ്ഡം 20-ൽ "ക്വാറം" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

635-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊന്നാം വകുപ്പ്</u>

637, 641, 646 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടുകൂടി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

638. ഖണ്ഡം 21(1)-ൽ "അറിയിപ്പ് " എന്നത് "രേഖാമൂലമുള്ള അറിയിപ്പ്" എന്നാക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിരണ്ടാം വകുപ്പ്</u>

647, 650, 653, 654 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

653. ഖണ്ഡം 22(4)-ൽ "സംരക്ഷണ സമിതിയുടെ" എന്നതിന് ശേഷം "മുൻ സാമ്പത്തിക വർഷത്തെ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിമൂന്നാം വകുപ്പ്</u>

662-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിനാലാം വകുപ്പ്</u>

663-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയഞ്ചാം വകുപ്പ്

671, 672, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയാറാം വകുപ്പ്

(ഭേദഗതികളില്ല)

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയേഴാം വകുപ്പ്

676, 677 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയെട്ടാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയൊൻപതാം വകുപ്പ്

680, 681 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പതാം വകുപ്പ്

(ഭേദഗതികളില്ല)

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയൊന്നാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിരണ്ടാം വകുപ്പ്</u>

(ഭേദഗതികളില്ല)

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

114, 119, 122, 124, 127, 138, 140, 148, 164, 166, 168, 171 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): 2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## VIII ഗവൺമെന്റ് പ്രമേയം

എം.എൽ.എ.-മാരെ സസ്പെന്റ് ചെയ്തത് സംബന്ധിച്ച്

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2025 ഒക്ടോബർ 6-ന് സഭാ സമ്മേളനം പുനരാരംഭിച്ചതുമുതൽ പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്തുകയും സഭാ മര്യാദകൾ ലംഘിച്ചുകൊണ്ട് സഭയ്ക്കകത്ത് ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തിരിക്കുകയാണ്. സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിനായി ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ച യോഗംപോലും പ്രതിപക്ഷം ബഹിഷ്കരിക്കുകയാണ് ചെയ്തത്. കഴിഞ്ഞ ദിവസം വനിതകളടങ്ങുന്ന സുരക്ഷാ ജീവനക്കാരെ കൈയേറ്റം ചെയ്യുകയും ചെയറിന്റെ മുഖം മറയ്ക്കുന്ന തരത്തിൽ ബാനറുകൾ പ്രദർശിപ്പിക്കുകയും സഭയുടെ അന്തസ്സിന് നിരക്കാത്തതരത്തിൽ മുദ്രാവാക്യങ്ങൾ മുഴക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുനേരെ പാഞ്ഞടുക്കുകയും ചെയ്തു. തുടർച്ചയായി നടത്തിവരുന്ന അക്രമങ്ങളുടെ ഭാഗമായി ഇന്ന് സഭാനടപടികൾ ആരംഭിച്ചതുമുതൽ പ്രതിപക്ഷാംഗങ്ങൾ കൂടുതൽ പ്രകോപിതരായി ചെയറിനുനേരെ ആക്ഷേപാംഗ്യങ്ങൾ കാണിക്കുകയും സഭയെയൊന്നാകെ പരിഹസിക്കുകയും ചട്ടപ്രകാരം മാത്രം സഭയിൽ പ്രവർത്തിപ്പിക്കേണ്ട ബെൽ പലതവണ അനധികൃതമായി പ്രവർത്തിപ്പിക്കുകയും മുദ്രാവാക്യം മുഴക്കിക്കൊണ്ട് ചെയറിന്റെ ഡയസിലേക്ക് അതിക്രമിച്ച് കടക്കാനുള്ള ശ്രമം തടഞ്ഞ സുരക്ഷാ ജീവനക്കാരെ ആക്രമിക്കുകയും ചെയ്തിരിക്കുന്നു. തൽഫലമായി നിയമസഭാ ചീഫ് മാർഷൽ ശ്രീ. ഷിബുവിന്റെ വലത് കൈയ്ക്ക് ഗുരുതരമായി പരിക്കേൽക്കുകയും മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച അദ്ദേഹത്തിന് ഡോക്ടർമാർ ശസ്ത്രക്രിയ നിർദേശിച്ചിരിക്കുകയുമാണ്. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ള കടുത്ത അച്ചടക്ക ലംഘനത്തെ സഭ ശക്തമായി അപലപിക്കുന്നു. ഇപ്രകാരം സഭാ ചട്ടങ്ങളും നടപടിക്രമങ്ങളും കീഴ്‌വഴക്കവും ചെയറിന്റെ നിർദേശങ്ങളും ലംഘിക്കുകയും സഭയുടെ സുരക്ഷാ ചുമതലയുള്ള ചീഫ് മാർഷലിനെ ഗുരുതരമായി പരിക്കേല്പിക്കുകയും ചെയ്തതുമൂലം ശ്രീ. റോജി എം. ജോൺ, ശ്രീ. എം. വിൻസെന്റ്, ശ്രീ. സനീഷ്‌കുമാർ ജോസഫ് എന്നീ നിയമസഭാംഗങ്ങൾ സഭയുടെയും സഭാധ്യക്ഷന്റെയും പ്രത്യേക അവകാശങ്ങൾ ലംഘിച്ചതായി സഭ വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത അംഗങ്ങളെ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിൽ അനുബന്ധം II ആയി ചേർത്തിട്ടുള്ള പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 53(എഫ്) പ്രകാരം സഭയുടെ

നടപ്പുസമ്മേളനത്തിലെ ശേഷിക്കുന്ന കാലയളവിൽ സഭാംഗത്വത്തിൽനിന്നും സസ്പെൻഡ് ചെയ്യാൻ ഈ സഭ തീരുമാനിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പ്രമേയം ഐകകണ്ഠ്യേന സഭ പാസ്സാക്കി.

**നിയമ നിർമ്മാണകാര്യം - തുടർച്ച**

(iii) 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഡോ. ആർ. ബിന്ദു: 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിന്റെ രണ്ടാം വകുപ്പ് (എ) ഖണ്ഡത്തിൽ വിനിർദേശിച്ചിട്ടുള്ള NUALS ഉൾപ്പെടെയുള്ള സർവകലാശാലകളിലെ അനധ്യാപക തസ്തികകളിലേക്ക് കേരള പബ്ലിക് സർവീസ് കമ്മിഷൻ തയ്യാറാക്കുന്ന പൊതു റാങ്ക് ലിസ്റ്റിൽനിന്നാണ് നിയമനം നടത്തിവരുന്നത്. എന്നാൽ തനത് വരുമാനത്തെ ആശ്രയിച്ച് പ്രവർത്തിക്കുന്ന NUALS-ൽ ഇപ്രകാരം നിയമനം ലഭിച്ചവർക്ക് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ്, ജനറൽ ലൈഫ് ഇൻഷ്വറൻസ്, ജനറൽ പ്രൊവിഡന്റ് ഫണ്ട് തുടങ്ങിയ മറ്റ് സർവകലാശാലകളിലെ ജീവനക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ല. കേരള സർവീസ് ചട്ടങ്ങളുടെ ഭാഗം III പ്രസ്തുത സർവകലാശാലയ്ക്ക് ബാധകമല്ലാത്തതിനാൽ ജീവനക്കാരെ നാഷണൽ പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തുന്നതിനോ അതിലേക്ക് മാറ്റാനോ സാധിക്കുകയില്ല. മറ്റ് സർവകലാശാലകളിലെ അനധ്യാപക തസ്തികകളിലേക്കുള്ള സ്റ്റാഫ് പാറ്റേൺ, ഉദ്യോഗപ്പേര്, യോഗ്യതകൾ ശമ്പള സ്കെയിൽ എന്നിവ NUALS പിന്തുടരുന്നില്ല. അതിനാൽ അതേ ലിസ്റ്റിൽനിന്നും സംസ്ഥാനത്തെ മറ്റ് സർവകലാശാലകളിൽ നിയമനം ലഭിച്ചവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളൊന്നും ഇവിടത്തെ ജീവനക്കാർക്ക് ലഭിക്കാത്ത സാഹചര്യമുണ്ട്.

ഇത് സാമാന്യ നീതിയുടെ നിഷേധമായതിനാലാണ് 2015-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ ആക്ടിന്റെ പരിധിയിൽനിന്നും NUALS-നെ മാറ്റാൻ തീരുമാനിച്ചത്.

ഡോ. സുജിത് വിജയൻ പിള്ള: 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. NUALS ഉൾപ്പെടെയുള്ള സർവകലാശാലകളിൽ പി.എസ്.സി. വഴി നിയമനം ലഭിച്ച അനധ്യാപക ജീവനക്കാരുടെ ആനുകൂല്യങ്ങൾ സംരക്ഷിക്കാനും അന്തർ സർവകലാശാല സ്ഥലംമാറ്റത്തിനും ഉതകുന്ന ബില്ലാണിത്. മറ്റ് സർവകലാശാലകളിലേക്ക് മാറുന്ന ജീവനക്കാരുടെയും അവിടെ നിലവിലുള്ള ജീവനക്കാരുടെയും സീനിയോറിറ്റി സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾകൂടി ബില്ലിൽ ഉൾപ്പെടുത്തണം.

ശ്രീ. വി. ആർ. സുനിൽ കുമാർ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഇ. ചന്ദ്രശേഖരൻ): 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർവകലാശാലകളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനും ഒഴിവുള്ള തസ്തികകളിലെ നിയമനങ്ങൾ നികത്തുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ ശ്ലാഘനീയമാണ്. പബ്ലിക് സർവീസ് കമ്മിഷൻ മുഖേന ഏറ്റവും കൂടുതൽ നിയമനങ്ങൾ നടപ്പാക്കി കേരളം രാജ്യത്തിനുതന്നെ മാതൃകയായിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചതും ദേശീയ റാങ്കിങ്ങിൽ കേരളത്തിലെ സർവകലാശാലകൾ ശ്രദ്ധേയമായ നേട്ടം കൈവരിച്ചതും അഭിനന്ദനാർഹമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പരിഷ്കരണ നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സമാന തസ്തികകളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിലെ അസമത്വം പരിഹരിക്കാനാണ് ഈ നിയമനിർമ്മാണത്തിലൂടെ ഉദ്ദേശിക്കുന്നത്. സർക്കാരിന്റെ നോൺ-പ്ലാൻ ഗ്രാന്റില്ലാതെ സ്വന്തം വരുമാനത്തിൽ പ്രവർത്തിക്കുന്ന സർവകലാശാലകളിലെ

അനധ്യാപക ജീവനക്കാരെ പൊതു ലിസ്റ്റിൽനിന്ന് നിയമിക്കുന്നത് ഒഴിവാക്കേണ്ടത് നീതിയുമായി ബന്ധപ്പെട്ട വിഷയമാണ്. NUALS-ലെ നിയമന രീതി സംബന്ധിച്ച് പി.എസ്.സി.-യുമായി കൂടിയാലോചിച്ച് ഉചിതമായ തീരുമാനമെടുക്കും. നിലവിൽ നിയമിക്കപ്പെട്ട ജീവനക്കാരെ മറ്റ് സർവകലാശാലകളിലേക്ക് പുനർവിന്യസിക്കുമ്പോൾ അന്തർസർവകലാശാലാ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ പി.എസ്.സി.-യുമായി കൂടിയാലോചിച്ച് തയ്യാറാക്കാമെന്ന വ്യവസ്ഥയും ബില്ലിലുണ്ട്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

208, 262, 271, 273, 275 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

222. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ-ൽ "നിയമ പഠനത്തിനുള്ള" എന്നതിന് പകരം "നിയമപഠനത്തിനുള്ള" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

147-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): 2025-ലെ പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iv) 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ്: 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിക്ഷേപ പ്രോത്സാഹന ബോർഡ് രൂപീകരണത്തിലൂടെ പരമാവധി നിക്ഷേപം കേരളത്തിലേക്ക് കൊണ്ടുവരാനും അത് വ്യവസായ വളർച്ചയ്ക്ക് മുതൽക്കൂട്ടാക്കാനും സഹായിക്കുന്ന ബിൽ കൊണ്ടുവന്നിട്ടുള്ളത് സ്വാഗതാർഹമാണ്. ലോകോത്തര ലോജിസ്റ്റിക് കമ്പനികൾ ഉൾപ്പെടെ കേരളത്തിലേക്കെത്തുന്നത് വ്യവസായ വളർച്ചയ്ക്ക് സഹായകരമാകും. അന്യസംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന ഉൽപന്നങ്ങൾ തദ്ദേശീയമായി ഉൽപാദിപ്പിക്കുന്നതിനുള്ള 'മേക്ക് ഇൻ കേരള' പദ്ധതി ഉൽപാദന രംഗത്തെ വളർച്ചയ്ക്ക് കാരണമായിട്ടുണ്ട്. ഒഴിഞ്ഞുകിടക്കുന്ന വ്യവസായ കേന്ദ്രങ്ങളും എസ്റ്റേറ്റുകളിലെ സ്ഥലങ്ങളും പ്രയോജനപ്പെടുത്തി വ്യവസായ രംഗം വിപുലപ്പെടുത്താനും പരമാവധി വ്യവസായങ്ങളെ കേരളത്തിലേക്ക് ആകർഷിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ടി. ഐ. മധുസൂദനൻ): 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിന്റെ വ്യാവസായിക വളർച്ചയ്ക്കും സാമൂഹ്യ-സാമ്പത്തിക മുന്നേറ്റത്തിനും വഴിതുറക്കുന്ന സുപ്രധാന ബില്ലാണിത്. കേന്ദ്ര സർക്കാരിന്റെ പുതിയ ജി.എസ്.ടി. പരിഷ്കരണം ആഭ്യന്തര

ടെക്സ്റ്റൈൽ മേഖലയെ പിന്നോട്ടടിക്കുന്നതും സംസ്ഥാനത്തിന് വലിയതോതിലുള്ള വരുമാന നഷ്ടമുണ്ടാക്കുന്നതുമാണ്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സംരക്ഷിച്ചും പരമ്പരാഗത മേഖലകളെ ശക്തിപ്പെടുത്തിയുമാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സംസ്ഥാനത്ത് നിക്ഷേപം നടത്താൻ ഉദ്ദേശിക്കുന്നവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിനൽകുന്നതിനായി കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡിനും നിരീക്ഷണ കമ്മിറ്റിക്കും രൂപം നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): വ്യവസായ മേഖലയിൽ നിക്ഷേപങ്ങൾ വരുന്നതിനുള്ള തടസ്സങ്ങൾ പൂർണ്ണമായും ഇല്ലാതാക്കുന്നതും ഭാവിതലമുറയ്ക്ക് സംസ്ഥാനത്തുതന്നെ ജോലിചെയ്യാനുള്ള സാഹചര്യം ഉറപ്പുവരുത്തുന്നതുമാണ് ഈ ബിൽ. കേന്ദ്ര സർക്കാരിന്റെ ഉദ്യം പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന കേരളത്തിലെ എം.എസ്.എം.ഇ.-കളുടെ എണ്ണം 1671113 ആയി വർധിപ്പിക്കാനായത് സംസ്ഥാന വ്യവസായ നയത്തിന്റെ നേട്ടമാണ്. വീടുകളിൽ വ്യവസായ സംരംഭം ആരംഭിക്കാൻ കഴിയുന്ന തരത്തിൽ ചട്ടങ്ങളിൽ മാറ്റംവരുത്തിയിട്ടുണ്ട്. ഒഴിഞ്ഞുകിടക്കുന്ന എസ്റ്റേറ്റുകൾ വ്യവസായ സംരംഭത്തിന് ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. എം.എസ്.എം.ഇ.-കൾക്ക് മൂന്നര വർഷംവരെ ലൈസൻസില്ലാതെ പ്രവർത്തിക്കാൻ അനുമതി നൽകുന്നതിനും നോൺ എം.എസ്.എം.ഇ.-കൾക്ക് ഏഴ് ദിവസത്തിനുള്ളിൽ കോംപോസിറ്റ് ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള സംവിധാനത്തിനും രൂപം നൽകിയിട്ടുണ്ട്. വൻകിട നിക്ഷേപകർക്ക് സംസ്ഥാന വ്യവസായ നയത്തിനനുസൃതമായി ഇളവുകളും പ്രവർത്തനാനുമതിയും നൽകുന്ന കാര്യത്തിൽ വേഗത്തിൽ തീരുമാനമെടുക്കുന്നതിനും അവ നടപ്പാക്കുന്നതിനുമായി പ്രത്യേകം കമ്മിറ്റികൾ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

135-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

146-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

149, 156, 161 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു:

160. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 2(ഐബി)-ൽ "വകുപ്പു" എന്നതിന് പകരം "വകുപ്പ്" എന്ന് ചേർക്കുക.

168. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2(ഐസി)-ൽ "വകുപ്പു" എന്നതിന് പകരം "വകുപ്പ്" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

149. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (ഐഎ)-ൽ "ആക്റ്റിന്റെ" എന്നതിന് ശേഷം "(2019-ലെ 16)" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

175, 178, 186, 204, 253, 257, 270, 284, 294, 297, 318, 321, 335, 346, 348, 385 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(v) 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. രാജൻ: 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബില്ലിലൂടെ ശ്രദ്ധേയമായ ഒരു സെറ്റിൽമെന്റ് ആക്റ്റ് പ്രാബല്യത്തിൽ വരികയാണ്. ഭൂമിയുടെ അതിർത്തിയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനായി ആരംഭിച്ച ഡിജിറ്റൽ റീസർവെയിലൂടെ രണ്ട് വർഷക്കാലംകൊണ്ട് 535 വില്ലേജുകളിലെ 62108 ലാൻഡ് പാഴ്സലുകളിലായി 828534 ഹെക്ടർ ഭൂമി അളന്ന് തിട്ടപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. RTK (Real-Time Kinematic) റോവർ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും അധികഭൂമി കൈവശം വച്ചിരുന്നവരെ ടാക്സ് അടയ്ക്കാൻ അനുവദിക്കുകയും ചെയ്തു. അങ്ങനെയുള്ളവർക്ക് കൈവശാവകാശ രേഖ

നൽകുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ പരിഹരിക്കുന്നതിനായി കൊണ്ടുവന്നിട്ടുള്ള ബില്ലാണിത്.

ശ്രീ. പി. എസ്. സുപാൽ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തർക്കരഹിതമായ അധിക ഭൂമി ക്രമീകരിച്ച് പട്ടയം നൽകുന്നതിനും സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനുംവേണ്ടി കൊണ്ടുവന്നിട്ടുള്ള ബിൽ സ്വാഗതാർഹമാണ്. പുനലൂർ താലൂക്കിൽ ഏരൂർ വില്ലേജിൽ ഡിജിറ്റൽ സർവെ പൂർത്തീകരിച്ച ഭൂമിയിലെ അധികസ്ഥലം ക്രമവൽക്കരിക്കുന്നതിനും അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമി കണ്ടെത്തി സർക്കാർ ആവശ്യങ്ങൾക്കോ ഭൂരഹിതർക്കോ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. ആധാരങ്ങൾ നഷ്ടപ്പെട്ടവർക്ക് അത് ലഭ്യമാക്കുന്നതിനും ദർഭക്കുളം ഭൂപ്രശ്നം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. അരിപ്പ സമരവുമായി ബന്ധപ്പെട്ടവർക്ക് ഭൂമി നൽകാനുള്ള സർക്കാർ തീരുമാനം അഭിനന്ദനാർഹമാണ്.

ശ്രീ. മുരളി പെരുനെല്ലി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്ക്കരണ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അധികമായി രേഖപ്പെടുത്തപ്പെട്ട ഭൂമിക്ക് കൃത്യമായ ഉടമസ്ഥാവകാശം സാക്ഷ്യപ്പെടുത്തുന്നതിന് സഹായിക്കുന്ന ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലും ഡിജിറ്റൽ സർവെ രേഖകൾ തയ്യാറാക്കുന്നതിനായി 'എന്റെ ഭൂമി' പദ്ധതിയും വ്യാജ രേഖകളും പട്ടയങ്ങളും തടയുന്നതിനും പട്ടയങ്ങൾ സ്മാർട്ടാകുന്നതിനും പട്ടയ ഡാഷ് ബോർഡ് രൂപീകരിച്ചതും അഭിനന്ദനാർഹമാണ്. 1977-നുശേഷം കൈയേറിയ വന ഭൂമികൾക്ക് പട്ടയം നൽകുന്നതിനും ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിനും ചൂഷണങ്ങൾക്ക് വിധേയമാകാതെ ഭൂമി തരംമാറ്റം നടത്തുന്നതിനുമുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): വ്യവഹാരങ്ങളിൽപെടാത്ത തർക്കരഹിതമായ അതിർത്തിക്കുള്ളിലുള്ള ഭൂമി ക്രമവൽക്കരിച്ച് നൽകുക എന്നതാണ് ഈ ബില്ലിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. നാളിതുവരെ 8.5 ലക്ഷം ഹെക്ടർ ഭൂമി ഡിജിറ്റൽ സർവെയിലൂടെ അളന്ന് തിട്ടപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവെയിൽ പകുതിയിലേറെ ലാൻഡ് പാഴ്സലുകളിലും അളവിൽ വ്യത്യാസമുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനാലാണ് അധിക

വിസ്തീർണ്ണത്തിന് ഉടമസ്ഥത ലഭിക്കുന്ന വിധത്തിലുള്ള സെറ്റിൽമെന്റ് ആക്റ്റിന് രൂപം കൊടുത്തിട്ടുള്ളത്. കൈവശാവകാശ ഭൂമിയിൽ കണ്ടെത്തിയ അധിക വിസ്തീർണ്ണത്തിന് കരമൊടുക്കാനുള്ള ഉത്തരവിറക്കിയെങ്കിലും അതിന് പട്ടയമില്ലെന്ന വിഷയം ഈ ബിൽ നിയമമാകുന്നതോടെ പരിഹരിക്കപ്പെടും. ലാൻഡ് റിക്കോർഡുകൾ തയ്യാറാക്കി കാര്യക്ഷമമായ റവന്യൂ ഭരണം സാധ്യമാക്കുക എന്നതാണ് ഡിജിറ്റൽ സർവെയിലൂടെ ഉദ്ദേശിക്കുന്നത്. അനധികൃതമായി കൈവശംവച്ചിരിക്കുന്ന ഭൂമി പിടിച്ചെടുത്ത് സാധാരണക്കാർക്ക് കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം കുടിയേറ്റക്കാർക്ക് പട്ടയം നൽകാനുള്ള സംവിധാനങ്ങളും നടപ്പാക്കിയിട്ടുണ്ട്. അരിപ്പയിലെയും ചെങ്ങറയിലെയും ഭൂപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിച്ചുവെന്ന് മാത്രമല്ല അനുവദിച്ച ഭൂമിയിൽ താമസിക്കാൻ കഴിയാതെ ഒറ്റപ്പെട്ടുപോയവർക്ക് അർഹതപ്പെട്ട ഭൂമി ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. ഡിജിറ്റൽ സർവെ കഴിഞ്ഞ സ്ഥലങ്ങളിൽ ഡിജിറ്റൽ പ്രോപ്പർട്ടി കാർഡ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പേൾ, റെലിസ്, ഇ-മാപ്പ് എന്നീ പോർട്ടലുകൾ സംയോജിപ്പിച്ച് 'എന്റെ ഭൂമി' പോർട്ടൽ നടപ്പാക്കിയിട്ടുണ്ട്. ഈ നിയമത്തിന് ചട്ടംകൂടി രൂപീകരിക്കുന്നതോടെ റവന്യൂ രേഖകൾ കൂടുതൽ സുതാര്യമാകും.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

മന്ത്രി താഴെപ്പറയുന്ന പൊതുവായ ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

ഈ ബില്ലിൽ "ക്രമവത്കരണ" എന്ന വാക്കും അതിനു തദനുസൃതമായി വരുന്ന പദങ്ങളും എവിടെയെല്ലാം വരുന്നുവോ അതിനുപകരം "ക്രമവൽകരണ" എന്ന വാക്ക് തദനുസൃതമായി ചേർക്കേണ്ടതാണ്.

മന്ത്രി അവതരിപ്പിച്ച പൊതുവായ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

## രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(എ) ഖണ്ഡത്തിന്റെ കുറിപ്പിൽ "സൂക്ഷിക്കേണ്ടതാണ്" എന്ന വാക്കിന് പകരം

"സൂക്ഷിക്കുന്നതിനായി സാക്ഷ്യപത്രം അനുവദിക്കുന്ന അധികാരസ്ഥാനം നിർണ്ണയിക്കപ്പെടുന്ന പ്രകാരം ലഭ്യമാക്കേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

184, 186, 187, 189, 195, 196, 198, 199, 201, 202, 203, 204, 207 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

183. ഖണ്ഡം 2(ബി)-ൽ "വകുപ്പിന്റെ ആഭിമുഖ്യത്തിൽ" എന്നതിന് പകരം "വകുപ്പ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മൂന്നാം വകുപ്പ്

208, 214 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാലാം വകുപ്പ്

219, 220, 224, 225, 226, 232, 233, 238 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

221. ഖണ്ഡം 4(1)-ൽ "ഉടമസ്ഥവകാശ" എന്നതിന് പകരം "ഉടമസ്ഥാവകാശ" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

232. ഖണ്ഡം 4(3)-ൽ "പരിഹരിച്ച" എന്നതിന് പകരം "തീർപ്പാക്കിയ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ

അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

255-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

257. ഖണ്ഡം 5-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "കേസോ" എന്നതിന് പകരം "വ്യവഹാരമോ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

255-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

263, 264, 274 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

270. ഖണ്ഡം 6-ൽ "അധികാരികത" എന്നതിന് പകരം "അധികാരിത" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

263. ഖണ്ഡം 6-ന്റെ മാർജിനൽ ശീർഷകത്തിൽ "അധികാരികതയ്ക്ക്" എന്നതിന് പകരം "അധികാരിതയ്ക്ക്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

276, 281 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

283, 284, 285 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

111, 114, 115, 116, 121, 127, 138, 139, 144, 150, 151, 163 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

163. ഖണ്ഡം 1(1)-ൽ "ക്രമവത്ക്കരണവും" എന്നതിന് പകരം "ക്രമവൽക്കരണവും" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവൽകരണ) ബിൽ പാസാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവൽകരണ) ബിൽ പാസാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(vi) 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ആൻസലൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവകലാശാലയിലെ വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് സുപ്രീം കോടതി വിധിന്യായത്തിന്റെയും യു.ജി.സി. റെഗുലേഷന്റെയും അടിസ്ഥാനത്തിലുള്ള ഭേദഗതികളാണ് ഈ ബില്ലിൽ കൊണ്ടുവന്നിരിക്കുന്നത്. ഭരണഘടനയിൽ ഉറച്ചുനിന്നുകൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെ രാജ്യത്തെ ഉന്നത വിദ്യാഭ്യാസരംഗത്ത് മികച്ച നേട്ടം കൈവരിക്കാൻ കേരളത്തിന് സാധിച്ചുവെന്നത് അഭിമാനകരമാണ്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ മെച്ചപ്പെട്ട നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ ഈ ബിൽ കരുത്ത് പകരുമെന്നതിൽ സംശയമില്ല.

ഡോ. കെ. ടി. ജലീൽ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും നിലവാരം മെച്ചപ്പെടുത്താനുമുള്ള ശ്രമങ്ങളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): യു.ജി.സി. റെഗുലേഷൻസനുസരിച്ച് സെർച്ച് കമ്മിറ്റിയുടെ ഘടനയിൽ മാറ്റംവരുത്തിയതിന് അനുസൃതമായിട്ടുള്ള ഭേദഗതികളാണ് ബില്ലിൽ കൊണ്ടുവന്നിട്ടുള്ളത്. ഈ ഭേദഗതിയിലൂടെ ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ നിയമനത്തിനുള്ള സെർച്ച് കമ്മിറ്റി രൂപീകരിക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കുകയും യു.ജി.സി. മാനദണ്ഡപ്രകാരം വൈസ് ചാൻസലറുടെ പ്രായപരിധി 70 വയസ്സാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്. സെർച്ച് കമ്മിറ്റിയിലൂടെ യോഗ്യതയുള്ള ഒരു വ്യക്തിയെ വൈസ് ചാൻസലറായി നിയമിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ ബിൽ ഡിജിറ്റൽ സർവകലാശാലയുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്ക് സഹായകരമാകും.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

130, 132, 136, 142, 144, 146, 163, 175, 183, 187, 188, 190, 196, 198, 202, 208 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു:

128. ഖണ്ഡം 2-ൽ "സർവ്വകലാശാലാ" എന്നതിന് പകരം "സർവ്വകലാശാല" എന്ന് ചേർക്കുക.

159. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 11(3)(സി)-ൽ “ വിവര സാങ്കേതികവിദ്യയും” എന്നതിന് പകരം

"വിവരസാങ്കേതികവിദ്യയും" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു:

130. ഖണ്ഡം 2-ൽ "ആക്റ്റിലെ" എന്നതിന് ശേഷം "(2021-ലെ 10)" എന്ന് ചേർക്കുക.

142. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 11(3)(എ)-ൽ "വിവര സാങ്കേതികവിദ്യയും" എന്നതിന് പകരം "വിവരസാങ്കേതികവിദ്യയും" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

105, 109 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

105. പീഠികയിൽ " (2021-ലെ 10)" എന്നത് ഒഴിവാക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

109-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(vii) 2025-ലെ മലയാളഭാഷാ ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ മലയാളഭാഷാ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. പി. നന്ദകുമാർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ മലയാളഭാഷാ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കുന്നതിലൂടെ ജനങ്ങളും ഭരണകൂടവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താൻ സാധിക്കും. ബഹുഭൂരിപക്ഷം രാഷ്ട്രങ്ങളിലും മെഡിക്കൽ വിദ്യാഭ്യാസവും കോടതി നടപടിക്രമങ്ങളും മാതൃഭാഷയിലാണ്. സംസ്ഥാനത്തെ ഔദ്യോഗിക ഭാഷ മലയാളമായിരിക്കുമെന്നും അത് ഫലപ്രദമായി നടപ്പാക്കുന്നതിന് പ്രത്യേക വകുപ്പും മലയാളഭാഷാ വികസന ഡയറക്ടറേറ്റും രൂപീകരിക്കുമെന്നും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ നിയമം നടപ്പാക്കാൻ ഫലപ്രദമായ ഇടപെടൽ നടത്തണം.

ശ്രീമതി യു. പ്രതിഭ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ മലയാളഭാഷാ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബിൽ അവതരിപ്പിച്ചതോടുകൂടി ജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന ഭരണത്തിന്റെ മുഖമായി ഭരണഭാഷ മാറുകയാണ്. ബിൽ നിയമമാകുന്നതോടെ സർവകലാശാലകളിലും സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ് വരെയും നിർബന്ധിത ഒന്നാംഭാഷ മലയാളമായിരിക്കും. മറ്റ് ഭാഷകൾ മാതൃഭാഷയായിട്ടുള്ള വിദ്യാർത്ഥികൾക്കുകൂടി മലയാളം പഠിക്കാനുള്ള അവസരം ബില്ലിലൂടെ നൽകുന്നുണ്ട്. ശാസ്ത്ര സാങ്കേതിക രംഗത്തെ വികസനത്തിനനുസൃതമായി ഏകീകൃത ലിപി വിന്യാസവും ജില്ലാ കോടതി മുതൽ കീഴ്ക്കോടതിവരെയുള്ള ഭാഷയും വിധ്യന്യായങ്ങളും സർക്കാരിന് കീഴിലുള്ള അർധ ജുഡീഷ്യൽ സ്ഥാപനങ്ങളുടെ ഉത്തരവുകളും സർക്കാർ/സ്വയംഭരണ, സഹകരണ

സ്ഥാപനങ്ങളുടെ ബോർഡും ഉദ്യോഗപ്പേരും വാഹന ബോർഡുകളും മലയാള ഭാഷയിലാക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ബിൽ മലയാള ഭാഷയുടെ വളർച്ചയ്ക്ക് മുതൽക്കൂട്ടായിരിക്കും.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2015-ലെ മലയാളഭാഷാ (വ്യാപനവും പരിപോഷണവും) ബില്ലിന് രാഷ്ട്രപതി അനുമതി നിഷേധിച്ച സാഹചര്യത്തിലാണ് 2025-ലെ മലയാളഭാഷാ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസുകളിൽ മലയാളം നിർബന്ധിത ഭാഷയായി പഠിപ്പിക്കണമെന്ന നിബന്ധന ഒഴിവാക്കണമെന്നും ഭാഷാന്യൂനപക്ഷങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കണമെന്നുമുള്ള യൂണിയൻ ഗവൺമെന്റിന്റെ അഭിപ്രായം ബില്ലിൽ പരിഗണിച്ചിട്ടുണ്ട്. മലയാളഭാഷാവികസന ഡയറക്ടറേറ്റ് രൂപീകരിക്കാനും സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, ബില്ലുകൾ, റെഗുലേഷനുകൾ, നോട്ടിഫിക്കേഷനുകൾ, ചട്ടങ്ങൾ തുടങ്ങിയവ മലയാളത്തിൽ പ്രസിദ്ധപ്പെടുത്താനും ഇതരസംസ്ഥാനങ്ങളിൽനിന്നും വിദേശരാജ്യങ്ങളിൽനിന്നും 9, 10 ക്ലാസുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ മലയാളം നിർബന്ധമായും പഠിക്കണമെന്ന നിബന്ധന ഒഴിവാക്കാനും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മലയാളഭാഷയല്ലാതെ മറ്റേതെങ്കിലും ഭാഷ മാതൃഭാഷയായിട്ടുള്ള വിദ്യാർത്ഥികൾക്ക് ദേശീയ പാഠ്യ പദ്ധതിക്കനുസൃതമായി അവർക്കിഷ്ടമുള്ളതും സംസ്ഥാനത്തെ സ്കൂളുകളിൽ ലഭ്യമായതുമായ ഭാഷയിൽ അധ്യയനം നടത്താനും സാധിക്കും. ഹൈക്കോടതിയുടെ അനുമതിയോടെ, ജില്ലാ കോടതി വരെയുള്ള കോടതികളിലെ വിധിന്യായങ്ങളുൾപ്പെടെ ഘട്ടംഘട്ടമായി മലയാളഭാഷയിലാക്കാനും അതിനാവശ്യമായ സാങ്കേതികസൗകര്യങ്ങളൊരുക്കാനും ബില്ലിൽ വ്യവസ്ഥയുണ്ട്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ മലയാളഭാഷാ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## രണ്ടാം വകുപ്പ്

182, 190, 194, 203, 211, 213, 215 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

196. ഖണ്ഡം 2(ഡി)-ൽ " ന്യൂനപക്ഷഭാഷാപ്രദേശമായി" എന്നതിന് പകരം "ഭാഷാന്യൂനപക്ഷപ്രദേശമായി" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

219, 224, 230, 242 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

244, 246, 250, 252, 257, 262, 264, 265, 267, 288 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

294, 298, 306, 316 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

319, 339 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

349-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

351. ഖണ്ഡം 7(1)-ൽ " ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള" എന്നതിന് പകരം "സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

349-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒൻപതാം വകുപ്പ്</u>

379, 383 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്താം വകുപ്പ്</u>

397, 399, 409, 411, 418, 420, 432 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനൊന്നാം വകുപ്പ്</u>

439, 447 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

439. ഖണ്ഡം 11(1)-ൽ "വിവരസാങ്കേതികവകുപ്പ്" എന്നതിന് പകരം

"വിവരസാങ്കേതിക വിദ്യാ വകുപ്പ്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

447-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പന്ത്രണ്ടാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിമൂന്നാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാലാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനഞ്ചാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാറാം വകുപ്പ്</u>

(ഭേദഗതികളില്ല.)

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

"പീഠികയിൽ "മലയാളഭാഷയുടെ ഉപയോഗം" എന്ന വാക്കുകൾക്കു പകരം "മലയാളഭാഷയുടെ പ്രയോഗം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്."

114, 124, 133, 135, 140, 147, 157, 162, 174, 176 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2025-ലെ മലയാളഭാഷാ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ മലയാളഭാഷാ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(viii) 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ
(ix) 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഡോ. ആർ. ബിന്ദു: കരിക്കുലം സമഗ്രമായി പരിഷ്കരിച്ചുകൊണ്ട് തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള സ്കിൽ ഗ്യാപ് നികത്തുന്നതിനും ഗവേഷണോന്മുഖ

പ്രവർത്തനങ്ങളെ ഡിഗ്രിതലം മുതൽ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിൽ ആഭിമുഖ്യവും സംരംഭകത്വ താൽപര്യങ്ങളും വർധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സർവകലാശാലാ പരീക്ഷകളും മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും സമയനിഷ്ഠയോടെ നടപ്പാക്കാനും ഏകീകൃത അക്കാദമിക കലണ്ടറിന് രൂപംനൽകാനും കഴിഞ്ഞിട്ടുണ്ട്. സർവകലാശാലകളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിൽ സിൻഡിക്കേറ്റുകൾ നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. സിൻഡിക്കേറ്റിലെ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടാൽ ഏഴ് ദിവസത്തിനകം സിൻഡിക്കേറ്റ് യോഗങ്ങൾ വിളിച്ചുചേർക്കാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർവകലാശാലകളെ അറിവ് കൈമാറുകയും വ്യാപിപ്പിക്കുകയും ചെയ്യുന്ന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സർവകലാശാലകളുടെ നിയമപരമായ ചട്ടക്കൂട്ടിൽ മാറ്റങ്ങൾ വരുത്താൻ ബില്ലിൽ നിർദേശിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. വൈസ് ചാൻസലർ കുറഞ്ഞത് രണ്ടുമാസത്തിലൊരിക്കലെങ്കിലും സിൻഡിക്കേറ്റിന്റെ യോഗം വിളിക്കേണ്ടതാണെന്നും ആകെ അംഗങ്ങളുടെ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർഥിക്കുന്നപക്ഷം ഏഴ് ദിവസത്തിനുള്ളിൽ വൈസ് ചാൻസലർ സിൻഡിക്കേറ്റിന്റെ യോഗം വിളിച്ചുചേർക്കേണ്ടതാണെന്നുമുള്ള ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. സാർവദേശീയ മാനദണ്ഡങ്ങൾക്കനുസൃതമായ നിലവാരത്തിലേക്ക് കലാലയങ്ങളെ മാറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും കേരളത്തിൽ സ്വകാര്യ സർവകലാശാലകൾ ആരംഭിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എം. നൗഷാദ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ സർവകലാശാലകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനും വേഗതയിലാക്കുന്നതിനുമാണ്

ഈ ഭേദഗതി ബിൽ അവതരിപ്പിച്ചിട്ടുള്ളത്. സർക്കാർ നടപ്പാക്കിയിട്ടുള്ള എല്ലാ പരിഷ്കാരങ്ങളും ഉന്നത വിദ്യാഭ്യാസ മേഖലയുടെ മുന്നേറ്റത്തിന് കൂടുതൽ ഊർജം പകരുന്നതാണ്. അക്കാദമിക കലണ്ടർ ക്രമവൽകരിച്ച് പരീക്ഷകളും മൂല്യനിർണ്ണയവും യഥാസമയം നടത്തി റിസൾട്ട് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത് അഭിമാനകരമായ നേട്ടമാണ്. വിദ്യാർത്ഥികൾക്ക് മാർക്ക് ലിസ്റ്റ് ഉൾപ്പെടെ മൊബൈൽ ഫോണിൽ ലഭ്യമാകുന്ന തരത്തിൽ ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് കെ-റീപ് പദ്ധതി നടപ്പാക്കിയത് എടുത്തുപറയേണ്ടതാണ്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉന്നത വിദ്യാഭ്യാസരംഗത്തെ ജനാധിപത്യ സംവിധാനത്തെയും സ്വയംഭരണാവകാശത്തെയും ശക്തിപ്പെടുത്താൻ ഉതകുന്നതാണ് ഈ ബിൽ. സർവകലാശാലകളുടെ സ്വയംഭരണാവകാശത്തെ തകർക്കാനുള്ള നീക്കത്തെ ഈ ബില്ലിലൂടെ പ്രതിരോധിക്കുകയാണ് ചെയ്തിട്ടുള്ളത്.

<u>ശ്രീമതി ദെലീമ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർവകലാശാലകൾ കെ-റീപ് പദ്ധതി നടപ്പാക്കുന്നതോടെ വിദ്യാർത്ഥികളുടെ അക്കാദമിക് രേഖകൾ കൈമാറുന്നതിനും പരിശോധിക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കാനും മാർക്ക്‌ലിസ്റ്റുകൾ, പ്രൊഫഷണൽ സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ ഡിജിറ്റലായി തൽസമയം ലഭ്യമാക്കാനും സാധിക്കും. ഉന്നത വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കിവരുന്ന പരിഷ്കരണ പ്രവർത്തനങ്ങളിൽ നിർണ്ണായക പങ്ക് വഹിക്കുന്നത് സിൻഡിക്കേറ്റുകളാണ്. വൈസ് ചാൻസലർമാരുടെ അധികാര പരിധിയെക്കുറിച്ച് ബില്ലിൽ പ്രതിപാദിക്കുകയും സിൻഡിക്കേറ്റ് യോഗങ്ങൾ ചേരുന്നത് സംബന്ധിച്ച വ്യവസ്ഥ ഉൾപ്പെടുത്തുകയും ചെയ്തത് അഭിനന്ദനാർഹമാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): ഉന്നത വിദ്യാഭ്യാസമേഖലയെ ആഗോള നിലവാരത്തിലേക്കുയർത്തുന്നതിനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. എൻ.ഐ.ആർ.എഫ്. റാങ്കിങ്ങിൽ രാജ്യത്തെ മികച്ച

കോളേജുകളിൽ 24.6 ശതമാനവും സംസ്ഥാനത്തുനിന്നുള്ളതാണ്. റാങ്കിങ്ങും അക്രെഡിറ്റേഷനുമായി ബന്ധപ്പെട്ട് ആർജിച്ച നേട്ടങ്ങൾ വിദ്യാർഥികളുടെ കൂടുതൽ ശ്രദ്ധ ഈ മേഖലയിലേക്ക് വരുന്നതിന് സഹായകരമായിട്ടുണ്ട്. വിദേശ വിദ്യാർഥികളുടെ അപേക്ഷയിലും പ്രവേശനത്തിലും വർധനവുണ്ടായിട്ടുണ്ട്. സർവകലാശാലകളിൽ ഏകീകൃത അക്കാദമിക് കലണ്ടർ രൂപീകരിച്ചതുമൂലം പരീക്ഷയും പുനർമൂല്യനിർണ്ണയവും സപ്ലിമെന്ററി പരീക്ഷയും സമയബന്ധിതമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. സിൻഡിക്കേറ്റുകളുടെ കൃത്യമായ പ്രവർത്തനത്തിന് അവസരം നൽകുന്ന ബില്ലാണിത്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

2025-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ

രണ്ടാം വകുപ്പ്

135, 151 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

135. In the marginal heading of section 16A proposed to be inserted in the Kerala Agricultural University Act, 1971 by Clause 2 for the word "Meetings" the word "Meeting" shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

151-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

167, 175, 177 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

189, 194, 199, 201, 205 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

212, 214, 221 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

232, 236 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

242, 249, 253 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

259, 264 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

259. In the marginal heading of section 26A proposed to be inserted in the

Kerala Veterinary and Animal Sciences University Act, 2010 by Clause (8)(ii) after the words “Meeting of” the word “the” shall be inserted.

264-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

274, 276, 281, 285 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

109, 111, 117, 120 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ

രണ്ടാം വകുപ്പ്

131, 144, 146, 150, 162 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

174, 176 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

195, 197, 203 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

215, 232 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

242, 244, 246 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

105, 109, 111, 113 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(x) 2025-ലെ കേരള പൊതുസേവനാവകാശ ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പൊതുസേവനാവകാശ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പൊതുസേവനാവകാശ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർക്കാർ സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും വീഴ്ച വരുത്തുന്ന സംഗതികളിൽ പൊതുസേവകരെ ഉത്തരവാദിത്തപ്പെടുത്തുന്നതിനുമുൾപ്പെടെയുള്ള പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഡിജിറ്റൽ കേരള ഇനിഷ്യേറ്റീവ് നടപ്പിലാക്കിയതും സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഏകോപിപ്പിക്കാൻ ഏകീകൃത രജിസ്ട്രി ഏർപ്പെടുത്തിയതും പരാതികൾ പരിഹരിക്കാനും തൽസമയ വിവരങ്ങൾ അറിയാനും 'ജനങ്ങളോടൊപ്പം' പദ്ധതി നടപ്പാക്കിയതും പ്രശംസനീയമാണ്. സേവന-വിതരണ രംഗത്ത് എ.ഐ. ഉൾപ്പെടെയുള്ള നൂതന മാർഗങ്ങൾ അവലംബിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനമർഹിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പൊതുസേവനാവകാശ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അർഹതയുള്ളവർക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുസേവനങ്ങൾ ലഭ്യമാക്കുകയാണ് ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. മതിയായ കാരണങ്ങളില്ലാതെ അപേക്ഷ നിരസിക്കുകയോ സേവനം പ്രദാനം ചെയ്യുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത് സ്വാഗതാർഹമാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പര്യാപ്തമല്ലെന്ന് കണ്ടെത്തിയതിനാലാണ് അത് റദ്ദ് ചെയ്തുകൊണ്ട് ഈ ബിൽ തയ്യാറാക്കിയിരിക്കുന്നത്. ഓരോ വകുപ്പും നൽകുന്ന സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥർ, അപ്പീൽ അധികാരി എന്നിവയെക്കുറിച്ച് നിയമത്തിന്റെ പ്രാരംഭ തീയതി മുതൽ ആറ് മാസത്തിനകം വിജ്ഞാപനം ചെയ്തില്ലെങ്കിൽ വകുപ്പുതലവനെതിരെ നടപടി സ്വീകരിക്കുന്നതിനും സേവനങ്ങളിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്ക് പിഴ ചുമത്തുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സേവനങ്ങൾ കൃത്യസമയത്ത് നൽകാതിരിക്കുകയോ നൽകുന്നവ തൃപ്തികരമല്ലാതിരിക്കുകയോ ചെയ്താൽ പരാതി നൽകുന്നതിനായി ഒന്നും രണ്ടും അപ്പീൽ അധികാരികളെ സമീപിക്കാവുന്നതും അവരുടെ സേവനങ്ങൾ തൃപ്തികരമല്ലെങ്കിൽ കേരള സംസ്ഥാന സേവനാവകാശ കമ്മീഷനെ സമീപിക്കാവുന്നതാണെന്നും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. പൊതുജനങ്ങളിൽ സേവനാവകാശ നിയമത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന് മാധ്യമങ്ങൾ പ്രാധാന്യം നൽകണം.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പൊതുസേവനാവകാശ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

158, 164, 169, 170, 173, 174, 175, 183, 187, 188, 189, 190, 195, 198, 199, 200, 203 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു:

166. ഖണ്ഡം 2(ബി)-ൽ " പ്രവർത്തിദിവസങ്ങൾ" എന്നതിന് പകരം

" പ്രവൃത്തി ദിവസങ്ങൾ" എന്ന് ചേർക്കുക.

177. ഖണ്ഡം 2(ഇ)-ൽ "ഇലക്ട്രേണിക്" എന്നതിന് പകരം "ഇലക്ട്രോണിക്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

204-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

205. ഖണ്ഡം 3-ൽ "ഓരോ അർഹതയുള്ള" എന്നതിന് പകരം "അർഹതയുള്ള ഓരോ" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

204-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

210, 211, 214 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

213. ഖണ്ഡം 4(1)-ൽ "ചെയ്യുന്ന സേവനങ്ങൾ" എന്നതിന് പകരം "ചെയ്യുന്ന പൊതുസേവനങ്ങൾ, പ്രത്യേക പൊതുസേവനങ്ങൾ," എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

ഖണ്ഡം 5(6)ൽ " വ്യവസ്ഥകൾ" എന്ന വാക്കിനു പകരം "സംവിധാനം" എന്ന വാക്ക് ചേർക്കുക.

234, 235, 243, 244, 245, 247, 248, 253, 255, 260, 268, 269, 270, 271 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു:

244. ഖണ്ഡം 5(3)-ൽ "അപേക്ഷകളുടെ വിശദമായ രേഖകൾ" എന്നതിന് പകരം "അപേക്ഷകളും അനുബന്ധ രേഖകളും" എന്ന് ചേർക്കുക.

260. ഖണ്ഡം 5(5) -ൽ "ചെയ്യേണ്ടതാണ്" എന്നതിന് പകരം "ചെയ്യേണ്ടതുമാണ് " എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

284, 287, 294, 295, 296, 308 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

295. ഖണ്ഡം 6(2)-ൽ "ആ" എന്നതിന് പകരം "പ്രസ്തുത" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

" ഖണ്ഡം 7(1)ൽ "അപര്യാപ്തതയുള്ള സേവനം ലഭിച്ച തീയതി മുതലോ," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "5-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം സേവനം ലഭ്യമായിട്ടില്ലാത്ത പക്ഷമോ," എന്ന വാക്കുകളും അക്കവും ബ്രാക്കറ്റും ചിഹ്നവും ചേർക്കേണ്ടതാണ്."

310, 311, 315, 316, 318, 320, 322 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

319. വകുപ്പ് 7(2)-ൽ "(1)-ാം ഉപവകുപ്പ് പ്രകാരമുള്ള" എന്നതിന് പകരം "നിശ്ചിത" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

331, 334 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒമ്പതാം വകുപ്പ്

336, 342, 344, 347 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

353, 354, 357, 361 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു:

357. ഖണ്ഡം 10(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) കമ്മീഷൻ സംസ്ഥാന സർക്കാർ സെക്രട്ടറിയിൽ കുറയാത്ത പദവിയോ ഇതര സംസ്ഥാന, കേന്ദ്ര സർക്കാരുകളിൽ കുറഞ്ഞത് തത്തുല്യമായ പദവിയോ വഹിച്ചിരുന്ന ആളായിരിക്കേണ്ടതാണ്"

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

365, 367, 368, 373 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

377, 378, 379 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

380-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

383, 384, 385, 386, 387, 391, 392, 393, 394, 395, 396, 397, 398, 400, 401, 402, 403, 405, 406, 407 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

407. ഖണ്ഡം 14(2)(ix)-ൽ "മെച്ചപ്പെടുത്തുകയും" എന്നതിന് പകരം

"മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനഞ്ചാം വകുപ്പ്</u>

412-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

412. ഖണ്ഡം 15-ൽ " അതിന്റെ ഉത്തരവുകളും തീരുമാനങ്ങളും" എന്നതിന് പകരം

" അവ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാറാം വകുപ്പ്</u>

415-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

415. ഖണ്ഡം 16(സി)-ൽ "തെളിവു" എന്നതിന് പകരം "തെളിവ്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനേഴാം വകുപ്പ്</u>

418, 423, 424, 425, 428, 429 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനെട്ടാം വകുപ്പ്</u>

(ഭേദഗതികളില്ല.)

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്തൊൻപതാം വകുപ്പ്</u>

433, 434, 435, 442 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപതാം വകുപ്പ്</u>

448, 463 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊന്നാം വകുപ്പ്</u>

465, 467 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിരണ്ട് മുതൽ ഇരുപത്തിനാല് വരെയുള്ള വകുപ്പുകൾ</u>

(ഭേദഗതികളില്ല)

ഇരുപത്തിരണ്ട് മുതൽ ഇരുപത്തിനാല് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിരണ്ട് മുതൽ ഇരുപത്തിനാല് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയഞ്ചാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയാറാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയേഴാം വകുപ്പ്

(ഭേദഗതികളില്ല)

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

105, 114, 130, 131, 150 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2025-ലെ കേരള പൊതുസേവനാവകാശ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള പൊതുസേവനാവകാശ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## IX കാര്യോപദേശക സമിതി റിപ്പോർട്ടിൽ ഭേദഗതി

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): "2025-ലെ ജന്തുക്കളോടുള്ള ക്രൂരത തടയൽ (കേരള ഭേദഗതി) ബിൽ" ഇന്ന് പരിഗണിക്കുന്നതിലേക്കായി 2025 സെപ്റ്റംബർ 30-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ

18-ാമത് റിപ്പോർട്ട് ഭാഗികമായി ഭേദഗതി ചെയ്യണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

## X ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): "സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2025-ലെ ജന്തുക്കളോടുള്ള ക്രൂരത തടയൽ (കേരള ഭേദഗതി) ബിൽ അവതരണത്തിനുശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69 (5), 76(1) എന്നിവയിലെ വ്യവസ്ഥകൾ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

## നിയമനിർമ്മാണ കാര്യം - തുടർച്ച

(xi) 2025-ലെ ജന്തുക്കളോടുള്ള ക്രൂരത തടയൽ (കേരള ഭേദഗതി) ബിൽ

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): 2025-ലെ ജന്തുക്കളോടുള്ള ക്രൂരത തടയൽ (കേരള ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): കേന്ദ്ര നിയമമായ 1960-ലെ ജന്തുക്കളോടുള്ള ക്രൂരത തടയൽ ആക്റ്റ് പ്രകാരം സംസ്ഥാനങ്ങളിലെ കന്നുകാലി ഓട്ടമത്സരങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിയതിനാലും കേരളത്തിന്റെ സംസ്കാരവും പൈതൃകവും കാത്തുസൂക്ഷിക്കുന്നതിന് ടി മത്സരങ്ങൾ നിലനിർത്തേണ്ടത് അനിവാര്യമായതിനാലുമാണ് സംസ്ഥാനത്തിന് ബാധകമാകുന്ന തരത്തിൽ കേന്ദ്ര നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്നതിനായി ബിൽ അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിന്റെ കാർഷിക പാരമ്പര്യവും സംസ്കാരവും പിന്തുടരുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, തദ്ദേശീയ ഇനങ്ങളായ കാളകളുടെയും പോത്തുകളുടെയും പരിപാലനവും സംരക്ഷണവും

ഉറപ്പുവരുത്തുക, കന്നുകാലി കർഷകരുടെ ഉപജീവനമാർഗം സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഈ ബില്ലിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്. സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്യുന്ന സ്ഥലങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി ജില്ലാ കളക്ടറുടെ മുൻകൂർ അനുമതിയോടെ കാളകളെയോ പോത്തുകളെയോ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഓട്ടമത്സരങ്ങളെയാണ് നിയമത്തിന്റെ പരിധിയിലുൾപ്പെടുത്തിയിട്ടുള്ളത്. ഭേദഗതി ആക്റ്റിലെയോ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ ലംഘിച്ച് ഓട്ടമത്സരങ്ങൾ സംഘടിപ്പിക്കുന്നവർക്കെതിരെ ശിക്ഷ ഏർപ്പെടുത്തുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ചർച്ചയില്ല)

2025-ലെ ജന്തുക്കളോടുള്ള ക്രൂരത തടയൽ (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ ജന്തുക്കളോടുള്ള ക്രൂരത തടയൽ (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു:

" 2. In section 2(ca) proposed to be inserted in the principal Act by clause 2 after the word "follow" the word "agricultural" shall be inserted."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു:

"3. In section 3(2) proposed to be inserted in the principal Act by clause 3 for the words "the cattle race may" the words "cattle race shall" shall be substituted. "

"4. In section 3(2) proposed to be inserted in the principal Act by clause 3 for the words "any persons or person in charge of the cattle used to conduct cattle race and subject to such other conditions as may be prescribed under section 38B by the State Government" the words “any person or persons in charge of cattle used for conducting cattle race and subject to such other conditions as may be prescribed by the State Government under section 38B of the Act” shall be substituted."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

"5. In section 11(3)(f) proposed to be inserted in the principal Act by clause 4(ii) for the words “for protection of” the words “to protect the” shall be substituted."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

(ഭേദഗതി ഇല്ല.)

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

"6. In section 27(c) proposed to be inserted in the principal Act by clause 6(ii) for the words "for protection of" the words "also their safety, security, wellbeing and protect the" shall be substituted."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

(ഭേദഗതി ഇല്ല.)

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

"7. In section 38B(1) proposed to be inserted in the principal Act by clause 8 the words and symbol "if any," shall be omitted."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

"1. In the preamble the symbols, words and figures "(Central Act 59 of 1960)" shall be omitted."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): 2025-ലെ ജന്തുക്കളോടുള്ള ക്രൂരത തടയൽ (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ ജന്തുക്കളോടുള്ള ക്രൂരത തടയൽ (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## XI അവകാശ ലംഘന പ്രശ്നങ്ങൾ

### 1. സഭ തീർപ്പാക്കിയവ

(i) ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. നൽകിയ പരാതി

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളന കാലയളവിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയിൽ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള പ്രസ്താവന നടത്തിയ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. നൽകിയ പരാതിയിൽ, ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ ആനുഷംഗികമായി 13-ാം കേരള നിയമസഭയുടെ 16-ാം സമ്മേളനത്തിൽ അന്നത്തെ വകുപ്പുമന്ത്രി നൽകിയ 3204-ാം നമ്പർ ചോദ്യത്തിനുള്ള മറുപടി പരാമർശിക്കുകയായിരുന്നുവെന്നും സാമ്പത്തിക സർവെയിൽ അച്ചടിപിശകുമൂലമുണ്ടായ തെറ്റായ കണക്ക് ചൂണ്ടിക്കാട്ടുകയാണ് ചെയ്തതെന്നും മന്ത്രി സഭയെ ബോധപൂർവം തെറ്റിദ്ധരിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നില്ലെന്നും വ്യക്തമായിരിക്കുന്നതിനാൽ അവകാശലംഘന പ്രശ്നം തീർപ്പാക്കിയിരിക്കുന്നു.

(ii) ശ്രീ. ചാണ്ടി ഉമ്മൻ, എം.എൽ.എ. നൽകിയ പരാതി

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളന കാലയളവിൽ 03-07-2024-ന് രാത്രി ശ്രീകാര്യം പോലീസ് സ്റ്റേഷനുമുന്നിൽ സമാധാനപരമായി പ്രതിഷേധിച്ച തനിക്കും കൂട്ടർക്കുമെതിരെയുണ്ടായ എസ്.എഫ്.ഐ. പ്രവർത്തകരുടെ ആക്രമണം തടയാൻ

പോലീസ് ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കാതെ കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയതിനും തനിക്കെതിരെ കേസെടുത്തതിനും പ്രസ്തുത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ചാണ്ടി ഉമ്മൻ, എം.എൽ.എ. നൽകിയ പരാതിയിൽ, ഗുരുതരമായ ക്രമസമാധാന പ്രശ്നം നിലനിന്ന സ്ഥലത്തുണ്ടായിരുന്ന അംഗത്തിനെ എതിർ പാർട്ടിക്കാരിൽനിന്നും ബുദ്ധിമുട്ടുണ്ടാകാതെ സംരക്ഷിക്കുകയാണുണ്ടായിട്ടുള്ളതെന്നും കെ.എസ്.യു. പ്രവർത്തകരുടെ ആക്രമണത്തിൽ പരിക്കേറ്റ പോലീസ് ഉദ്യോഗസ്ഥന്റെ മൊഴിയുടെ അടിസ്ഥാനത്തിലാണ് ആദ്യഘട്ടത്തിൽ നിയമസഭാംഗങ്ങളെ പ്രതികളാക്കി എഫ്.ഐ.ആർ. ഇട്ടതെന്നും തുടർപരിശോധനയിൽ അവർ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടില്ലെന്നും ബോധ്യപ്പെട്ടതിനാൽ പ്രതിപ്പട്ടികയിൽനിന്നും ഒഴിവാക്കിയെന്നും ആഭ്യന്തര വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവകാശലംഘന പ്രശ്നം തീർപ്പാക്കിയിരിക്കുന്നു.

(iii) ശ്രീമതി സി. കെ. ആശ, എം.എൽ.എ. നൽകിയ പരാതി

21-08-2024-ന് വൈക്കത്തെ വഴിയോര കച്ചവടക്കാരെ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷത്തിൽ അറസ്റ്റിലായ തൊഴിലാളികളെയും നേതാക്കളെയും ജാമ്യത്തിലെടുക്കാനായി വൈക്കം പോലീസ് സ്റ്റേഷനിലെത്തിയ തന്നോട് അപമര്യാദയായി പെരുമാറിയ വൈക്കം എസ്.എച്ച്.ഒ.-യ്ക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സി. കെ. ആശ, എം.എൽ.എ. നൽകിയ പരാതിയിൽ, വൈക്കം എം.എൽ.എ.-യോടുള്ള എസ്.എച്ച്.ഒ.-യുടെ പെരുമാറ്റം ജനപ്രതിനിധി എന്നുള്ള നിലയിലും നിയമസഭാ സാമാജിക എന്നുള്ള നിലയിലും പദവിയോടുള്ള അവഗണനയും അവഹേളനവുമാണെന്ന് വെളിവായതിനാൽ വൈക്കം എസ്.എച്ച്.ഒ. ആയിരുന്ന ശ്രീ. കെ. ജെ. തോമസിനെ ഈരാറ്റുപേട്ടയിലേക്ക് സ്ഥലംമാറ്റിയിട്ടുണ്ടെന്നും എം.എൽ.എ.-യ്ക്ക് നേരിട്ട് റിപ്പോർട്ട് നൽകാനായി എറണാകുളം മേഖലാ ഡി.ഐ.ജി.-ക്ക് നിർദേശം നൽകിയിട്ടുണ്ടെന്നും ആഭ്യന്തര വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവകാശലംഘന പ്രശ്നം തീർപ്പാക്കിയിരിക്കുന്നു.

**2. അനുമതി നിഷേധിച്ചവ**

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ. ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിക്കെതിരെയും ശ്രീ. രമേശ് ചെന്നിത്തല, എം.എൽ.എ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെയും നൽകിയ അവകാശലംഘന നോട്ടീസുകൾക്ക് അനുമതി നിഷേധിച്ചു.

## XII ഉപക്ഷേപം

<u>സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണ് എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും 21 ബില്ലുകൾ പാസ്സാക്കുന്നതിന് മുൻകൈയെടുത്ത ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരെയും സർക്കാരിനെയും അഭിനന്ദിക്കുകയും സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു. കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പ് 2026 ജനുവരി ആദ്യവാരം സംഘടിപ്പിക്കാൻ തീരുമാനിച്ചതായി അറിയിക്കുകയും ക്രിസ്തുമസ്-പുതുവത്സരാശംസകൾ നേരുകയും ചെയ്തു.

സഭ ദേശീയഗാനാലാപനത്തോടെ വൈകുന്നേരം 5.56-ന് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.

*******